(എഫ്) എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡുകൾ ലഭ്യമായോ;

(ജി) ഇല്ലെങ്കിൽ റേഷൻ കാർഡുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചക്കിട്ടപാറ പഞ്ചായത്തിലെ മുതുകാട് പ്രദേശത്ത് കുളത്തൂർ എസ്റ്റേറ്റ് എന്ന സ്ഥലത്ത് 41 കുടുംബങ്ങൾക്കും പ്ളാന്റേഷൻ കോർപ്പറേഷൻ എസ്റ്റേറ്റുവക സ്ഥലത്ത് 202 കുടുംബങ്ങൾക്കും ഭൂമി നല്കിയിട്ടുണ്ട്.

(ബി) കുളത്തൂർ എസ്റ്റേറ്റിൽ 40 പേർ പട്ടയം കൈപ്പറ്റിയിട്ടുണ്ട്. പ്ളാന്റേഷൻ കോർപ്പറേഷൻ എസ്റ്റേറ്റുവക സ്ഥലത്ത് 149 പേരും പട്ടയം കൈപ്പറ്റിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

(ഡി) കുളത്തൂർ എസ്റ്റേറ്റിൽ 41 പേർക്ക് വീട് നിർമ്മിക്കുന്നതിനുള്ള പണി ആരംഭിച്ചുകഴിഞ്ഞു. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയാണ് പണി ഏറ്റെടുത്തു നടത്തുന്നത്. പ്ലാന്റേഷൻ കോർപ്പറേഷൻ സ്ഥലത്ത് വികസന പ്രവർത്തനങ്ങളുടെ മാസ്റ്റർ പ്ളാൻ ജില്ലാ ട്രൈബൽ മിഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിവരുന്നു.

(ഇ) കുളത്തൂർ എസ്റ്റേറ്റിൽ 41 പേർക്ക് കൊടുത്ത സ്ഥലത്ത് നിർമ്മിക്കുന്ന വീടുകൾ 2004 ഡിസംബർ മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്ളാന്റേഷൻ കോർപ്പറേഷൻ സ്ഥലത്ത് വീടുകളുടെ നിർമ്മാണം മാസ്റ്റർ പ്ളാൻ തയ്യാറാക്കിയതിനുശേഷം മാത്രമേ ആരംഭിക്കുവാൻ കഴിയുകയുള്ളു.

(എഫ്) മുതുകാട് പ്രദേശത്ത് താമസമാക്കിയവർക്ക് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടില്ല. നിലവിലുള്ള റേഷൻ കാർഡുകളാണ് ഇവർ ഉപയോഗിക്കുന്നത്.

(ജി) മുതുകാട് പ്രദേശത്തും കുളത്തൂർ എസ്റ്റേറ്റിലും പതിച്ചു നല്കിയ സ്ഥലത്ത് സ്ഥിരതാമസം ആരംഭിക്കുന്ന മുറയ്ക്ക് ഇവർക്ക് പുതിയ കാർഡുകൾ നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ന്യൂനപക്ഷാവകാശ സംരക്ഷണ നടപടി

117 [2853] ശ്രീ. കെ. രാധാകൃഷ്ണൻ:
,, മഞ്ഞളാംകുഴി അലി:
,, വി. കെ. സി. മമ്മത് കോയ:
,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ അവകാശം സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ന്യൂനപക്ഷങ്ങളുടെ ഏതെങ്കിലും അവകാശങ്ങൾ സംസ്ഥാനത്ത് ലംഘിക്കപ്പെടുന്നതായി കരുതുന്നുണ്ടോ;

(സി) ന്യൂനപക്ഷങ്ങൾ സർക്കാരിൽ അനർഹമായി സമ്മർദ്ദം ചെലുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പിന്നോക്ക സമുദായങ്ങൾക്ക് സംവരണ കാറ്റഗറിയേക്കാൾ ഉദ്യോഗസ്ഥർ കുറവുള്ളതായി ഏതെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാമൂഹ്യവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഗണിച്ച് ന്യൂനപക്ഷങ്ങളടങ്ങുന്ന പിന്നോക്ക സമുദായങ്ങൾക്ക് സംസ്ഥാന സർവ്വീസിലും അനുബന്ധ സർവ്വീസുകളിലും 40% ഉദ്യോഗം സംവരണം ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ സമുദായത്തിലും ഒ.ബി.സി.-യിലും എസ്.ഇ.ബി.സി-യിലും ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് വരുമാനപരിധിക്ക് വിധേയമായി വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നു. അതോടൊപ്പം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശൂപാർശിത വിഭാഗ വികസന കോർപ്പറേഷൻ എന്നിവ മുഖാന്തിരം പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ വായ്പാ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ലഭിച്ചിട്ടുണ്ട്. സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്. ബഹു. സുപ്രീം കോടതിയിൽ കേസ് നിലവിലുള്ളതുകൊണ്ടും അതു കാരണം നിയമ പ്രശ്നങ്ങൾ ഉണ്ടെന്നതും പരിഗണിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് സമവായം ഉണ്ടാക്കാനായി വ്യവസായ സാമൂഹ്യ ക്ഷേമ വകുപ്പ് മന്ത്രി, റവന്യൂ-നിയമ വകുപ്പുമന്ത്രി, വിദ്യുച്ഛക്തി വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതി 27-2-2004-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 17/2004/പജപവവിവ പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly